(ഡി) ഉണ്ടെങ്കിൽ എത്ര തുകവീതമാണ് നഷ്ടപരിഹാരം നൽകുവാൻ ഉദ്ദേശിക്കുന്നതെന്നും ആയത് എന്നേയ്ക്ക് നൽകുവാൻ കഴിയും എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 42 ലക്ഷം രൂപയുടെ കൃഷി നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി&ഡി) ഉണ്ട്. നാശനഷ്ടങ്ങളുടെ കണക്ക് ജില്ലാ കളക്ടർക്ക് നൽകുകയുണ്ടായി. നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന്, നിലവിലുള്ള വ്യവസ്ഥപ്രകാരം 13,58,957 രൂപ ആവശ്യമാകയാൽ ആ തുക അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരിക്കയാണ്. ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിച്ചു കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം കർഷകർക്ക് നൽകുന്നതാണ്.

കൃഷിവകുപ്പിന്റെ തൊഴിൽദാന പദ്ധതിപ്രകാരം പിരിച്ചെടുത്ത തുക

58 (4097) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് രൂപം നൽകിയ തൊഴിൽദാന പദ്ധതിപ്രകാരം സംസ്ഥാന സർക്കാർ തൊഴിൽ അന്വേഷകരിൽനിന്നും നാളിതുവരെ എത്ര തുക പിരിച്ചെടുത്തു ; ഈ തുക ഏതു ഫണ്ടിൽ നിക്ഷേപിച്ചു എന്നും അതിന് പലിശയിനത്തിൽ എത്ര തുക ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അപേക്ഷകർക്ക് പലിശസഹിതം തുക തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1993-1994-ൽ രൂപം നൽകിയ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തവരിൽ നിന്നും 100രൂപ വീതം രജിസ്ട്രേഷൻ ഫീസിനത്തിലും 1,000 രൂപ വീതം പദ്ധതിവിഹിതമായും മൊത്തം 10,41,98,508 രൂപ പിരിച്ചെടുത്തിരുന്നു. ഈ തുക സർക്കാർ ട്രഷറിയിലും റെപ്കോ ബാങ്കിലുമായി നിക്ഷേപിച്ചിരിക്കുകയാണ്. ഇതുവരെ പലിശയിനത്തിൽ 15,58,63,487 രൂപയായിട്ടുണ്ട്.

(ബി) പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അംഗങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ വിധത്തിൽ പദ്ധതിയിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞു പോകുന്നവർക്ക് പദ്ധതിവിഹിതമായ 1000 രൂപ പലിശ കൂടാതെ തിരികെ നൽകാൻ വ്യവസ്ഥയുണ്ട്.

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly